(ബി) ഈ സമരത്തിൽ പങ്കെടുത്ത് ജയിൽവാസം അനുഭവിച്ച ബീഡി തൊഴിലാളികൾക്ക് സ്വാതന്ത്ര്യ സമര പെൻഷൻ നൽകാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(സി) എങ്കിൽ ഇക്കാര്യത്തിൽ സർക്കാർ കൈക്കൊണ്ട നടപടികൾ വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഇല്ല.

(ബി)&(സി) തൽക്കാലം പരിഗണനയിലില്ല.

34 (2336) കയ്യൂർ സമരത്തിൽ പങ്കെടുത്തവർക്ക് പെൻഷൻ

ശ്രീ. എഴുകോൺ നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1941 മാർച്ച് 28-ന് നടന്ന കയ്യൂർ സമരത്തിൽ പങ്കെടുത്ത ആളുകൾക്ക് പെൻഷൻ നൽകുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ എന്തു നടപടി സ്വീകരിച്ചു എന്നും എത്രപേർക്ക് പെൻഷൻ കൊടുക്കാനാണ് ഉദ്ദേശിക്കുന്നതെന്നും വ്യക്തമാക്കുമോ;

(സി) പ്രസ്തുത കേസിലെ പ്രതികൾ ആരെല്ലാമാണെന്നും അതിൽ എത്ര പേർ ജീവിച്ചിരിപ്പുണ്ടെന്നും വ്യക്തമാക്കുമോ;

(ഡി) മരിച്ചുപോയ പ്രതികളുടെ കുടുംബത്തിന് പെൻഷൻ കൊടുക്കാൻ ഉദ്ദേശിക്കുന്നുണ്ടോ എന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) കയ്യൂർ സമരം സ്വാതന്ത്ര്യസമരത്തിന്റെ ഭാഗമായി അംഗീകരിക്കുകയും അതിൽ പങ്കെടുത്തവർക്ക് പെൻഷൻ നൽകുകയും ചെയ്യുന്നുണ്ട്.

(ബി) സ്വീകാര്യമായ തെളിവുരേഖകൾ സഹിതം പെൻഷനപേക്ഷിക്കുന്നവർക്കെല്ലാം പെൻഷൻ കൊടുക്കുന്നുണ്ട്.

(സി) മലപ്പുറം, പത്തനംതിട്ട, ഇടുക്കി, ആലപ്പുഴ, കൊല്ലം, എറണാകുളം എന്നീ ജില്ലകളിൽ കയ്യൂർ സമരവുമായി ബന്ധപ്പെട്ടവർ ആരും തന്നെയില്ല. മറ്റ് ജില്ലകളിൽനിന്നുള്ള വിവരം ശേഖരിച്ചുവരുന്നു.

(ഡി) കേരളാ ഫ്രീഡം ഫൈറ്റേഴ്സ് പെൻഷൻ ചട്ടമനുസരിച്ച് മരിച്ചുപോയ സ്വാതന്ത്ര്യസമര സേനാനി പെൻഷനറുടെ കുടുംബത്തിനും പെൻഷന് അർഹതയുണ്ട്.

35 (2337) സ്വാതന്ത്ര്യ സമര സേനാനിക്ക് പെൻഷൻ

ശ്രീ. സി.പി. ബാലൻ വൈദ്യർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ സ്വാതന്ത്ര്യസമര സേനാനി എ.കെ. കണ്ടന് ഗോവാ സമര പെൻഷൻ അനുവദിച്ച് ഉത്തരവായിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly